# നവയുഗം

| പുസ്തകം 9 | 1959 ജൂലൈ 11 (1134 മിഥുനം 27) ശനിയാഴ്ച | ലക്കം 6 |
|---|---|---|


# കൂടിയാലോചനയാണു് പോംവഴി

കേരളത്തിലെ സംഘർഷാവസ്ഥയിൽ പ്രധാനമന്ത്രി നെഹ്റു തീർച്ചയായും ഉൽക്കണ്ഠ പ്രകടിപ്പിച്ചിരിക്കുന്നു. ജൂലായി 7-ാംനു നടത്തിയ തന്റെ പ്രതിമാസപത്രസമ്മേളനത്തിൽവെച്ചു് കേരളത്തിലെ കുഴപ്പംപിടിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻവേണ്ടിയുള്ള തന്റെ "സമാന്തരങ്ങളായ രണ്ടു സമീപനമാർഗ്ഗങ്ങളെ"പ്പററി അദ്ദേഹം വീണ്ടും പ്രസ്താവിച്ചിരിക്കുന്നു. ഒരിടക്കാലതെരഞ്ഞെടുപ്പു നടത്തുക എന്നതാണു് ഒരു മാർഗ്ഗം. കമ്മ്യൂണിസ്റ്റു് ഗവർമ്മെണ്ടു് രാജ്യത്തിന്റെയും ജനങ്ങളുടെയും താല്പര്യങ്ങൾക്കെതിരായ നിയമനിർമ്മാണങ്ങളോ മററു നടപടികളോ കൈക്കൊണ്ടിരിക്കുന്നുവെന്നതുകൊണ്ടല്ല, പിന്നെയോ, ഗവർമ്മെണ്ടിന്നെതിരായി പ്രക്ഷോഭം നടത്തുന്നവരുടെ വികാരവിക്ഷോഭങ്ങളെ സമാധാനപരമായ മാർഗ്ഗങ്ങളിലേക്കു തിരിച്ചുവിടാൻ കഴിയുമെന്നതുകൊണ്ടാണു് അദ്ദേഹം തിരഞ്ഞെടുപ്പിനെ അനുകൂലിക്കുന്നത്. "വല്ല നിലക്കും ജനങ്ങളുടെ മനസ്സിന്നു് ഒരു മാർഗ്ഗം തുറന്നു കൊടുക്കുകയാണെങ്കിൽ, അതായതു് തിരഞ്ഞെടുപ്പു നടത്താമെന്നു പറയുകയാണെങ്കിൽ, ഇപ്പോഴത്തെ മാനസികവിക്ഷോഭം ഒന്നു തണുക്കും" എന്നദ്ദേഹം കരുതുന്നു. പക്ഷെ, ഈ മാർഗ്ഗം തികച്ചും പ്രായോഗികമാണെന്നു് അദ്ദേഹം വിശ്വസിക്കുന്നില്ല. മുഖ്യമന്ത്രി എതിരാണെങ്കിലും കേരളത്തിൽ പുതുതായി തിരഞ്ഞെടുപ്പുകൾ നടത്തുമോ എന്ന ചോദ്യത്തിന്നു "എനിക്കിങ്ങിനെയാണു് പറയാൻ കഴിയുക? ഇതെല്ലാം ബുദ്ധിമുട്ടുപിടിച്ച കാര്യങ്ങളാണു്. വിഷമകരവും മാറിക്കൊണ്ടിരിക്കുന്നതുമായ ഒരു സ്ഥിതിവിശേഷമാണു് ഇന്നുള്ളതു്." എന്നാണദ്ദേഹം മറുപടി പറഞ്ഞതു്.

(മാതൃഭൂമി, ജൂലായ് 8)

കൂടിയാലോചനകൾവഴി പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്നതാണു് രണ്ടാമത്തെ മാർഗ്ഗം. "രാജ്യാന്തരീയപ്രശ്നങ്ങൾപോലും സമാധാനപരമായ മാർഗ്ഗത്തിലൂടെ പരിഹരിക്കാനാണു് നാം ശ്രമിക്കുന്നതു്. ആ സ്ഥിതിക്കു് സ്വന്തം പ്രശ്നങ്ങൾപോലും അന്യോന്യം സമ്പർക്കവും കൂടാതെ പരിഹരിക്കാൻ കഴിയുന്നില്ലെങ്കിൽ അതൊരു ദുരന്തമായിരിക്കും" എന്നു് ഒരു മാസം മുമ്പുതന്നെ കോയമ്പത്തൂരിൽവെച്ചു് അദ്ദേഹം പ്രസ്താവിച്ചതാണു്. രണ്ടാഴ്ചകൾക്കു മുമ്പു് കേരളം സന്ദർശിച്ച സന്ദർഭത്തിൽ, വിദ്യാഭ്യാസനിയമത്തിലെ തർക്കവിഷയങ്ങൾക്കും പ്രതിപക്ഷപ്പാർട്ടികളുടെ ആരോപണങ്ങൾക്കും കൂടിയാലോചനകളിലൂടെ പരിഹാരം കാണാൻ അദ്ദേഹം ഉപദേശിക്കുകയുമുണ്ടായി. അതും ഫലിച്ചില്ല. "എന്റെ നിർദ്ദേശം നടപ്പിൽ വരുത്തുകയുണ്ടായില്ലെന്നതിൽ എനിക്കുള്ളം ഖേദമുണ്ടു്. ഈ മതിൽക്കെട്ടു് ഭേദിക്കാൻ കഴിഞ്ഞില്ലെങ്കിൽ മുന്നോട്ടു പോകാൻ പ്രയാസമായിരിക്കും. എന്തെങ്കിലും ചെയ്യേണ്ടതുണ്ടു്" എന്നാണു് ഇക്കഴിഞ്ഞ പത്രസമ്മേളനത്തിൽ അദ്ദേഹം പറയുന്നതു്.

പക്ഷെ, അദ്ദേഹത്തിന്റെ നിർദ്ദേശത്തെ തള്ളിക്കളഞ്ഞതാരാണു്? കേരളീയരെ രണ്ടു ചേരിയാക്കി ഭിന്നിപ്പിച്ചു നിർത്തുകയും, പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനങ്ങളെപ്പോലും തടസ്സപ്പെടുത്തുകയും ചെയ്യുന്ന വിമോചനത്തിന്റെ മതിൽക്കെട്ടു് ഇടിച്ചുപൊളിക്കുകയെന്ന ഇപ്പോഴും വാശിപിടിക്കുന്നതാരാണു്? കമ്മ്യൂണിസ്റ്റുപാർട്ടിയോ കമ്മ്യൂണിസ്റ്റുഗവർമ്മെണ്ടോ അല്ല, തീർച്ച. പ്രധാനമന്ത്രിയുടെ ഉപദേശം ലഭിച്ച ഉടനെത്തന്നെ മുഖ്യമന്ത്രി നമ്പൂതിരിപ്പാടു് തല്പരകക്ഷികളെയെല്ലാം കൂടിയാലോചനക്കു ക്ഷണിക്കുകയുണ്ടായി. കൂടിയാലോചനകൾകൊണ്ടു തീരാത്ത പ്രശ്നങ്ങൾ പണ്ഡിററ് നെഹ്റുവിന്റെ മാദ്ധ്യസ്ഥ്യത്തിന്നു വിട്ടുകൊടുക്കാമെന്നുപോലും ഗവർമ്മെണ്ടു് സമ്മതിക്കുകയുണ്ടായി. പക്ഷെ, പ്രശ്നങ്ങൾക്കു് സമാധാനപരമായി പരിഹാരം കാണണമെന്നു് അ

വർഗ്ഗാംശമുണ്ടായിരുന്നില്ല. അക്രമങ്ങളും അട്ടിമറികളും തുടരാനാണ് അവരാഗ്രഹിച്ചത്. അതുകൊണ്ടാണ് മുഖ്യമന്ത്രിയുടെ സൌഹാർദ്ദപരമായ ക്ഷണത്തെ അവർ ചവററുകൊട്ടയിലെറിഞ്ഞത്. പ്രക്ഷോഭകാരികളുടെ ജനാധിപത്യവിരുദ്ധമായ ഈ നിലപാടിനെതിരായി പ്രധാനമന്ത്രി ഒരക്ഷരംപോലും പറയുന്നില്ല. ഇതാണ് കൂടുതൽ ഖേദകരമെന്ന് ഞങ്ങൾക്ക് തോന്നുന്നു. "കോൺഗ്രസ്സ് വിദ്യാഭ്യാസനിയമത്തെ എതിർത്തിട്ടില്ല. ചില ഭേദഗതികൾ വേണമെന്നേ ഞങ്ങൾ പറയുന്നുള്ളു. വിദ്യാഭ്യാസനിയമത്തെപ്പററി ചർച്ച നടത്തേണ്ടിയിരുന്നത് നായർ സർവ്വീസ് സൊസൈററിയോടും കത്തോലിക്കാമെത്രാന്മാരോടും മററു തല്പരകക്ഷികളോടുമായാണ്" എന്നു കൂട്ടിച്ചേർക്കുകയാണദ്ദേഹം ചെയ്യുന്നത്. പക്ഷേ, പണ്ഡിററ് നെഹ്റു വെറുമൊരു കോൺഗ്രസ്സ് നേതാവുമാത്രമല്ല, ഇന്ത്യയുടെ പ്രധാനമന്ത്രി കൂടിയാണ്. പ്രധാനമന്ത്രിയെന്ന നിലയ്ക്ക് കമ്മ്യൂണിസ്റ്റുകാരെയെന്നപോലെത്തന്നെ കത്തോലിക്കാപ്പള്ളി, നായർ സർവ്വീസ് സൊസൈററി തുടങ്ങിയ തല്പരകക്ഷികളെയും ഉപദേശിക്കാൻ അദ്ദേഹത്തിന്നധികാരമുണ്ട്. അത്തരത്തിലുള്ള യാതൊരുപദേശവും ഇതുവരെ അദ്ദേഹത്തിൽനിന്നു പുറപ്പെട്ടിട്ടില്ല.

മററു കക്ഷികളുടെ കാര്യമിരിക്കട്ടെ, കോൺഗ്രസ്സുകാരെയെങ്കിലും നേർവഴിക്കു നയിക്കാൻ അദ്ദേഹത്തിന്നു സാധിക്കുകയില്ലേ? സാധിക്കുമെങ്കിൽ കോൺഗ്രസ്സിന്റെ ആരോപണങ്ങളെപ്പററി ചർച്ച ചെയ്യാൻ സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ടുള്ള മുഖ്യമന്ത്രി നമ്പൂതിരിപ്പാടിന്റെ കൂടിയാലോചനാനിർദ്ദേശത്തെ കെ. പി. സി. സി. പ്രസിഡണ്ട് ശ്രീ. ശങ്കർ തള്ളിക്കളഞ്ഞതെന്തുകൊണ്ടാണ്? അതിന്റെ നിർദ്ദേശങ്ങളെ കേരളഗവർമ്മെണ്ട് ഭാഗികമായി അംഗീകരിച്ചിരിക്കുന്നു എന്ന് പ്രധാനമന്ത്രിതന്നെ സമ്മതിക്കുകയുണ്ടായി. എന്നിട്ടും കമ്മ്യൂണിസ്റ്റ്പാർട്ടിയേയും കമ്മ്യൂണിസ്റ്റ്ഗവർമ്മെണ്ടിനേയും എതിർക്കാനും ആക്ഷേപിക്കാനും മുതിർന്ന കോൺഗ്രസ്സ് പാർലിമെണ്ടറി ബോർഡ് കേരളത്തിലുള്ള തങ്ങളുടെ സ്വന്തം അനുയായികളോട് കൂടിയാലോചനാനിർദ്ദേശം സ്വീകരിക്കാനാവശ്യപ്പെടാത്തതെന്തുകൊണ്ടാണ്?

താനും കോൺഗ്രസ്സ് ഹൈക്കമാണ്ടും ഇല്ലാത്തതരം പിക്കററിങ്ങുകൾക്കും എതിരാണെന്നും, ഗവർമ്മെണ്ടാപ്പീസ്സുകളുടെ മുമ്പിൽ 'സമാധാന'പിക്കററിങ്ങ് നടത്താൻ സമ്മതം നല്കിയതു പ്രക്ഷോഭം കൂടുതൽ അനാരോഗ്യമായ വഴികളിലേയ്ക്കു തിരിയാതിരിക്കാൻ വേണ്ടിയായിരുന്നു എന്നും പ്രധാനമന്ത്രി പറയുന്നു. പക്ഷേ, വാസ്തവമെന്താണ്? പാർലിമെണ്ടറി ബോർഡിന്റെ പ്രമേയത്തിന്നുശേഷമാണ് കേരളത്തിലെ അക്രമപ്രവർത്തനങ്ങൾ വർദ്ധിച്ചത്. അതിന്നുശേഷമാണ് ട്രാൻസ്പോർട്ട് ബസ്സുകൾ കേടുവരുത്തുക, സ്കൂളുകൾ ചുട്ടുകരിക്കുക, പള്ളിക്കൂടത്തിൽ പോകുന്ന വിദ്യാർത്ഥിനീവിദ്യാർത്ഥികളെ ദേഹോപദ്രവം ചെയ്യുക തുടങ്ങിയ അക്രമപരമായ പരിപാടികൾ ഊർജ്ജിതമാക്കപ്പെട്ടത്. ഔദ്യോഗിക കണക്കനുസരിച്ച് കഴിഞ്ഞ മൂന്നാഴ്ചകൾക്കുള്ളിൽ 5 സ്കൂളുകൾ തീവെച്ചു നശിപ്പിക്കപ്പെടുകയും, 14 സ്കൂളുകളിലെ ഉപകരണങ്ങൾ നശിപ്പിക്കപ്പെടുകയും, 617 ബസ്സുകൾ തടയപ്പെടുകയും 103 ബസ്സുകൾ കേടുവരുത്തപ്പെടുകയും ചെയ്തിരിക്കുന്നു. [illegible] 'വിമോചനസമര'ക്കാരുടെ ഇത്തരം അക്രമപ്രവർത്തനങ്ങളിൽ കത്തോലിക്കാപ്പള്ളിയ്ക്കും നായർ സർവ്വീസ് സൊസൈററിയ്ക്കും മാത്രമേ പങ്കുള്ളു, കോൺഗ്രസ്സിന്നു യാതൊരു പങ്കുമില്ല എന്നു വാദിക്കുന്നതു യഥാർത്ഥ്യത്തിന്റെ നേർക്ക് കണ്ണടയ്ക്കലാണ്. അക്രമപ്രവർത്തനങ്ങൾക്കെതിരായി ഉറച്ച നിലപാടെടുക്കാനും, അവയിൽ പങ്കെടുക്കുന്ന കോൺഗ്രസ്സുകാരെ നിലയ്ക്കുനിർത്താനും കോൺഗ്രസ്സ് ഹൈക്കമാണ്ട് തയ്യാറായിരുന്നെങ്കിൽ കേരളത്തിലെ ജനങ്ങൾക്ക് 'വിമോചനസമര'ക്കാരിൽനിന്ന് ഇത്രയേറെ നാശനഷ്ടങ്ങളുണ്ടാകുമായിരുന്നില്ല എന്നാണ് ഞങ്ങളുടെ സുചിന്തിതമായ അഭിപ്രായം.

അക്രമപ്രവർത്തനങ്ങളിൽ കോൺഗ്രസ്സുകാർക്കുള്ള ഉത്തരവാദിത്വത്തെ പ്രധാനമന്ത്രി നെഹ്റു മറച്ചുവെക്കുന്നില്ല. അദ്ദേഹം തുറന്നു സമ്മതിക്കുന്നു:

"കെ. പി. സി. സി. ഒഴിഞ്ഞുനിന്നിട്ടുണ്ടെങ്കിലും ഒട്ടനവധി കോൺഗ്രസ്സുകാർ അതിൽ പങ്കെടുത്തുകൊണ്ടിരിക്കുന്നവെന്നതിൽ തെ[illegible]മാണെന്ന് [illegible]. കേരള കോൺഗ്രസ്സും കോൺഗ്രസ്സുകാരും തങ്ങളുടെ എല്ലാ കഴിവുകളുമുപയോഗിച്ച് സ്കൂൾ പിക്കററിങ്ങിനേയും ബസ്സ്പിക്കററിങ്ങിനേയും നിരുത്സാഹപ്പെടുത്തുകയും അത്തരം പിക്കററിങ്ങുകളിലേർപ്പെടാതിരിക്കാൻ മററുള്ളവരെ പ്രേരിപ്പിക്കുകയുമാണ് വേണ്ടത്. എന്നാൽ ഇതെല്ലാം അടിസ്ഥാനപരമായിത്തന്നെ ചീത്തയാണെന്നാണ് ഞങ്ങൾ വിചാരിക്കുന്നത്."

(ഇന്ത്യൻ എക്സ്പ്രസ്സ്, ജൂലായി 8)

സ്വാഗതാർഹമായ ഒരു പ്രസ്താവനയാണിത്. പക്ഷേ, പ്രധാനമന്ത്രിയുടെ ഈ നിർദ്ദേശം കേരളത്തിലെ കോൺഗ്രസ്സ്നേതൃത്വം സ്വീകരിക്കുമെന്നതിന്ന് എന്താണൊരുറപ്പ്? പ്രധാനമന്ത്രിയുടെ സ്വാഗതാർഹമായ ഈ നിർദ്ദേശം മലയാളഭാഷയിലുള്ള പല പത്രങ്ങളും പ്രസിദ്ധം ചെയ്തിട്ടില്ലെന്നുള്ളത് അർത്ഥഗർഭമാണ്. ഈ സ്ഥിതിയിൽ പ്രധാനമന്ത്രിയുടെ വാക്കുകൾ വെള്ളത്തിൽ വരച്ച വരപോലെ നിഷ്പ്രയോജനമായിത്തീരാതിരിക്കണമെങ്കിൽ ഒരൊററ വഴിയേയുള്ളു: 'വിമോചനസമര'ത്തിന്റെ പേരിൽ ഇന്നു നടക്കുന്ന അക്രമപ്രവർത്തനങ്ങൾ അവസാനിപ്പിക്കാനും നെഹ്റുവിന്റെ ഉപദേശമനുസരിച്ചു കമ്മ്യൂണിസ്റ്റ് ഗവർമ്മെണ്ട് മുന്നോട്ടുവെച്ചിട്ടുള്ള കൂടിയാലോചനാനിർദ്ദേശത്തെ സ്വാഗതം ചെയ്യാനും കോൺഗ്രസ്സ് ഹൈക്കമാണ്ട് കേരളത്തിലെ കോൺഗ്രസ്സുകാരോട് കർശനമായി ആവശ്യപ്പെടണം. ഇതു മാത്രമാണ് ഇന്നത്തെ അനിശ്ചിതത്വം അവസാനിപ്പിക്കാനുള്ള ഏകമാർഗ്ഗം.

സമാധാനത്തിന്റേതായ ഈ മാർഗ്ഗം കോൺഗ്രസ്സിനെക്കൊണ്ട് സ്വീകരിപ്പിക്കാൻവേണ്ടി തങ്ങളുടെ എല്ലാ സ്വാധീനശക്തിയുമുപയോഗിക്കണമെന്ന് ജനാധിപത്യത്തിലും കേരളത്തിന്റെ പുരോഗതിയിലും വിശ്വസിക്കുന്ന എല്ലാവരോടും ഞങ്ങളഭ്യർത്ഥിക്കുന്നു.

—കെ. ദാമോദരൻ.

ജൂലായി 8.